ഉത്തരം

(എ) അച്ചൻകോവിൽ ജലവൈദ്യുത പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ അന്തിമഘട്ടത്തിലാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പദ്ധതിയുടെ ജിയോളജിക്കൽ ഇൻവെസ്റ്റിഗേഷൻ ഏകദേശം പൂർത്തിയായി. ഇതിന്റെ റിപ്പോർട്ട് ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയിൽ നിന്നും ലഭിക്കേണ്ടതായിട്ടുണ്ട്. ചെളിക്കല്ലാർ ജലവൈദ്യുത പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ 60 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. പരമാവധി ജലവിതാനം (എഫ്. ആർ. എൽ.) രേഖപ്പെടുത്തുന്നതിനുള്ള സർവ്വേ ജോലികൾ നടന്നു കൊണ്ടിരിക്കുന്നു. വക്കല്ലാർ ജലപദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ പകുതിയോളം പൂർത്തിയായി. ടണൽ റൂട്ടിന്റെ സർവ്വെ ജോലികളാണ് നടക്കേണ്ടതായിട്ടുള്ളത്. ചെളിക്കല്ലാർ, വക്കല്ലാർ എന്നീ പദ്ധതികളുടെ ജിയോളജിക്കൽ ഇൻവെസ്റ്റിഗേഷനും നടന്നുവരുന്നു.

(ബി) ഭൂഗർഭ പഠനം നടത്തുവാൻ ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. മറ്റ് ഇൻവെസ്റ്റിഗേഷൻ ജോലികളും സർവ്വെയും കെ. എസ്. ഇ. ബി. തന്നെയാണ് നടത്തുന്നത്.

(സി) അച്ചൻകോവിൽ പദ്ധതി 2005 ഫെബ്രുവരിയിലും മറ്റ് രണ്ട് പദ്ധതികൾ 2005 മാർച്ച് 31 നോട് കൂടിയും തീർക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഈ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കും. അനുമതി കിട്ടുന്ന മുറക്കേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

ഉടുമ്പൻചോലയിലെ പഞ്ചായത്തുകളിൽ കുടിർ ജ്യോതി പദ്ധതിയിൽപ്പെടുത്തി വൈദ്യുതി കണക്ഷൻ

28 [1925]ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ 13 ഗ്രാമപഞ്ചായത്തുകളിലായി 'കുടിർജ്യോതി' പദ്ധതിയിൻ കീഴിൽപ്പെടുത്തി എത്ര വൈദ്യുതി കണക്ഷനുകളാണ് 2002, 2003, 2004 വർഷങ്ങളിൽ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുടിർജ്യോതി/ബി.പി.എൽ. പദ്ധതി സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു. 2002-ൽ കുടർജ്യോതി പദ്ധതിയിൽ 10 കണക്ഷനുകൾ നൽകി.

LIBRARY ARCHIVES Kerala Legislative Assembly

ബി.പി.എൽ. പദ്ധതി

2002—55 കണക്ഷനുകൾ

2003—310 കണക്ഷനുകൾ

2004—680 കണക്ഷനുകൾ

(ബി) കുടിർജ്യോതി

കരുണാപുരം	–	4
നെടുങ്കണ്ടം	–	3
ഉടുമ്പൻചോല	–	3

ബി.പി.എൽ. പദ്ധതി

വാത്തിക്കുടി	–	86
വെള്ളത്തൂവൽ	–	45
ചക്കുവള്ളം	–	83
വണ്ടൻമേട്	–	94
കരുണാപുരം	–	78
നെടുങ്കണ്ടം	–	81
ഉടുമ്പൻചോല	–	54
പാമ്പാടുംപാറ	–	58
സേനാപതി	–	98
കൊന്നത്തടി	–	47
രാജകുമാരി	–	112
രാജാക്കാട്	–	113
ദേവികുളം	–	96

(സി) ബാധകമല്ല.

ഉടുമ്പൻചോല താലൂക്കിലെ വൈദ്യുതി എത്താത്ത ഗ്രാമങ്ങൾ

29 [1926]ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല താലൂക്കിലെ വൈദ്യുതി എത്താത്ത ഗ്രാമങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഗ്രാമങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ശാന്തൻപാറ, ചിന്നക്കനാൽ പഞ്ചായത്തുകളിലെ രാജാപ്പാറ, മുള്ളൻതണ്ട്, ബിയറാം എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly